പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 527 | | 04.02.2020-ൽ മറുപടിക്ക് | |
|---|---|---|---|
| **പാലക്കാട് ജില്ലയിൽ സ്റ്റാമ്പ് വെണ്ടർ ഒഴിവ്** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.കെ.ഡി. പ്രസേനൻ** | | **ശ്രീ.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി)** | |
| എ) | പാലക്കാട് ജില്ലയിൽ ഏതൊക്കെ പഞ്ചായത്തുകളിൽ സ്റ്റാമ്പ് വെണ്ടർ ഒഴിവ് ഉണ്ടെന്ന് അറിയിക്കാമോ; | എ) | പാലക്കാട് ജില്ലയിൽ കല്ലുക്കല്ലൂർ, കൊല്ലങ്കോട്, കോട്ടായി എന്നീ പഞ്ചായത്തുകളിൽ സ്റ്റാമ്പ് വെണ്ടർമാരുടെ ഒഴിവുണ്ട്. |
| ബി) | എങ്കിൽ ഒഴിവുകൾ നികത്തുന്നതിന് അപേക്ഷ സ്വീകരിക്കാൻ നടപടിയെടുക്കുമോ എന്നറിയിക്കാമോ ? | ബി) | 07/04/2017 മുതൽ ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള മുദ്രപ്പത്രങ്ങൾ ഈ-സ്റ്റാമ്പിംഗിലേയ്ക്ക് മാറ്റിയിട്ടുണ്ട്. ഒരു ലക്ഷം രൂപയ്ക്ക് താഴെ മൂല്യമുള്ള സ്റ്റാമ്പുകളും മുദ്രപ്പത്രങ്ങളും കൂടി ഇ-സ്റ്റാമ്പിംഗിലേയ്ക്ക് മാറ്റാനുള്ള സോഫ്റ്റ് വെയർ ഒരുക്കങ്ങൾ നടത്തി വരികയാണ്. "ഇ-സ്റ്റാമ്പിംഗ്" പൂർണ്ണമായിട്ടും നടപ്പിലാക്കുന്ന പശ്ചാത്തലത്തിൽ പുതിയ സ്റ്റാമ്പ് വെണ്ടർ ലൈസൻസ് അനുവദിക്കേണ്ടതില്ലെന്നും താത്കാലിക വെണ്ടർ ലൈസൻസ് സ്ഥിരപ്പെടുത്തി നൽകേണ്ടതില്ലെന്നും പുതിയ വെണ്ടർ തസ്തിക സൃഷ്ടിക്കേണ്ടതില്ലെന്നും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ